# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 27** **January 2014** **No10**


# എഡിറ്റോറിയൽ

അടുത്ത സമയത്ത് വൈവാഹിക പങ്ക്തിയിൽ ന്യു ജെനറേഷൻ സഭകളിൽനിന്ന് വിവാഹാലോചന ക്ഷണിക്കുന്നു എന്ന പരസ്യം ഞാൻ വായിക്കുകയുണ്ടായി. ന്യു ജെനറേഷൻ സിനിമകൾ, ന്യൂ ജെനറേഷൻ പാട്ടുകൾ, ജെനറേഷൻ ഗ്യാപ്പുകൾ എന്നിങ്ങനെയുള്ള പദ പ്രയോഗ ങ്ങൾ കേട്ടിരുന്നുവെങ്കിലും ഇപ്പോഴാണ് സഭകളെ സംബന്ധിച്ച് ഇങ്ങനെ ഉള്ള പ്രയോഗം കാണുന്നത്. സഭകളെ പുതിയതെന്നും പഴയതെന്നും വിളിച്ചു വരുന്നുണ്ട്. പുതിയ തലമുറകളിലെ സഭകൾ കൊണ്ട് ആളു കൾ ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ലെങ്കിലും, നമുക്ക് ഊഹി ക്കാവുന്ന പല കാര്യങ്ങൾ അവരിൽ കണ്ടേക്കാം. അവർ ഉദ്ദേശിക്കു ന്നത് പെന്തെക്കൊസ്തു സഭകൾ തുടങ്ങി ആധുനിക കാലത്ത് ആരം ഭിച്ച എല്ലാ സഭകളെയും ആയിരിക്കാം. ഇത്തരം സഭകൾ ആരംഭിക്കു വാനുള്ള കാരണവും അതിന്റെ ദൂഷ്യവശങ്ങളും വചനാനുസരണം നമുക്ക് പരിശോധിച്ച് സത്യം മനസിലാക്കാവുന്നതാണ്. പുതിയ നിയമ സഭ ആരംഭിച്ചശേഷം ദൈവത്തിന്റെ നിർദ്ദേശം എന്തായിരുന്നു എന്നു നോക്കാം. ദൈവം ആരംഭത്തിൽ മുന്നറിയിച്ചതനുസരിച്ചാണ് തന്റെ സഭ സ്ഥാപിച്ചത്. ഉദ്ദേശം സകലജാതികളെയും ദൈവത്തിലേക്ക് കൊണ്ടുവ രിക എന്നതായിരുന്നു. അതായത് ഏകശരീരത്തോട് നിരപ്പിക്കുക. കർത്താവ് സ്ഥാപിച്ചത് ഒരേ ഒരു സഭയാണ്. ആ സഭ നമുക്ക് തിരുവെ ഴുത്തിൽനിന്നു തിരിച്ചറിയാവുന്നതാണ്. എന്നാൽ ഖേദകരമെന്നു പറ യട്ടെ മനുഷ്യർ തങ്ങളുടെ ഇഷ്ടക്കനുസരിച്ച് ഓരോ കാലഘട്ടത്തിലും ഓരോ സഭകൾ ആരംഭിച്ചു. ഇത് ദൈവം ആഗ്രഹിച്ചിരുന്നതല്ല. കാരണം അത് ദൈവത്തിന്റെ ഉദ്ദേശത്തിനു വിരുദ്ധമാണ്.

പല പേരുകളിലും, പല രൂപങ്ങളിലും, പല കാരണങ്ങളാലും മനുഷ്യരാൽ ആരംഭിക്കുകയും, കർത്താവിന്റേതാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന അസംഖ്യം സമുദായങ്ങൾ ഓരോ സമൂഹത്തിലും കാണാം. പക്ഷെ അവക്കൊന്നും ആധികാരികത ഇല്ല എന്നു തീർത്തു പറയാം. കാരണം അവയൊന്നും ദൈവികാധികാരത്താൽ തുടങ്ങിയതല്ല. മതപരമായി നാം എന്തു ചെയ്താലും ആരുടെ അധികാരത്താലാണ് ചെയ്യുന്നതെന്ന് ചോദിച്ചാൽ നാം അതിനു മറുപടി കൊടുക്കണം. കാരണം ഇന്നു മതപരമായ എല്ലാ അധികാരവും ക്രിസ്തുവിനാണ് ദൈവം നൽകിയിരിക്കുന്നത് എന്നു വചനം സാക്ഷ്യപ്പെടുത്തുന്നു. നമ്മെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും, അവസാനം ന്യായം വിധിക്കുന്നതും ഇതേ വചനമാണ്. ജീവിക്കുവാനും പ്രവർത്തിക്കുവാനും ദൈവം നൽകിയിരിക്കുന്ന മാർഗരേഖയാണ് തിരുവെഴുത്തുകൾ. മനുഷ്യർ എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുത് എന്ന് ദൈവം കൽപിച്ചിരിക്കുന്നു. എഴുതിയ വചനത്തോട് കൂട്ടുവാനോ കുറക്കുവാനോ നമുക്ക് അവകാശമില്ല. നാം അങ്ങനെ ചെയ്താൽ അതിൽ പറയുന്ന അനന്തരഫലങ്ങൾ നമുക്ക് അനുഭവിക്കേണ്ടി വരും.

ആളുകൾ ചോദിക്കേണ്ടത് ബൈബിളിൽ കാണുന്ന സഭയിലെ അംഗമാണോ എന്നായിരിക്കണം, കാരണം തിരുവെഴുത്ത് ദൈവശ്വാസിയവും അന്തിമമായ വെളിപ്പാടുമാണ്. അല്ലാതെ പുതിയ സഭ തേടിയോ ന്യൂജെനറേഷൻ സഭകൾ തേടിയോ അല്ല പോകേണ്ടത്. നിങ്ങൾ ബൈബിളിൽ വായിക്കുന്ന കർത്താവിന്റെ സഭയിൽ അംഗമാണോ? അല്ലെങ്കിൽ ഇന്നു തന്നെ അംഗമാകുവാൻ ശ്രമിക്കുക. അതിനു നിങ്ങൾ കർത്താവായ യേശുവിലും അവന്റെ വചനത്തിലും വിശ്വസിക്കുക. പിന്നീട് എല്ലാ അകൃത്യങ്ങളെയും വിട്ടുകളഞ്ഞ്, യേശു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞു പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേൽക്കുക. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് വിശ്വാസത്തിൽ, ആരാധനയിൽ, ക്രിസ്തീയ പരിശീലനത്തിൽ വചനപ്രകാരം ജീവിക്കുക. മരണപര്യന്തം വിശ്വസ്തത ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. ദൈവഭയത്തിൽ അവന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുക. പുതിയ വർഷത്തിൽ നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിച്ചാൽ നമ്മെ ദൈവം രക്ഷിക്കും. എല്ലാവർക്കും പുതുവർഷത്തിൽ പുതിയജീവനും പുതുനന്മകളും നൽകുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# പരദൂഷണം

## *J.C.* ചോട്ട്

ഈ ലേഖനത്തിൽ നാം പരദൂഷണം എന്ന വിഷയത്തെ കുറിച്ചാണ് ചർച്ച ചെയ്യുവാൻ പോകുന്നത്. സാധാരണപോലെ നമുക്ക് ആ വാക്കിനെ ഒന്നു നിർവ്വചിക്കാം. ഒരുപക്ഷെ അത് എന്താണെന്ന് നിങ്ങൾക്ക് അറിയാമായിരിക്കാം, എന്നാൽ അത് അറിയാത്തവർക്കായി നമുക്ക് വിശദമാക്കാം. മറ്റാരെയെങ്കിലും കുറിച്ച്, കേട്ടതായ കാര്യങ്ങളെ അൽപം വിശദീകരണത്തോടുകൂടിയോ അല്ലെങ്കിൽ കുറച്ച് അതിൽനിന്നു മാറ്റിയോ വേറൊരാളോട് പറയുന്നതാണ് പരദൂഷണം. അപരന് ദോഷം വരുന്നവിധത്തിലുള്ള സംസാരം എന്നർത്ഥം. അത് കൈമാറി കൈമാറി അവസാനം മറ്റൊരു കഥയായിട്ടായിരിക്കും അറിയപ്പെടുന്നത്. ഈ രീതിയിലുള്ള സംസാരം മിക്കവാറും എല്ലാ സമൂഹത്തിലും ഉള്ളതായി കാണാം. എന്തു ദോഷമാണ് അത്തരം സംഭാഷണങ്ങളിൽനിന്നും ഉണ്ടാകുന്നത്? വ്യാജ പ്രചരണം സമൂഹത്തിന് ഒരു നന്മയും ജനിപ്പിക്കുകയില്ല എന്നു മാത്രമല്ല. അത് ആരെ കുറിച്ചു പറയുന്നുവോ അയാളെ വേദനിപ്പിക്കുന്ന വാർത്തയാണ് എന്ന കാര്യത്തിൽ സംശയമില്ല.

പരദൂഷണം തുടങ്ങുമ്പോൾ സത്യം ആയിട്ടായിരിക്കാം തുടങ്ങുന്നത്. പക്ഷെ പിന്നീട് ഒന്നോ അതിലധികം പേരെ വ്രണപ്പെടുത്തുന്ന വിധത്തിൽ വളരും. ചിലപ്പോൾ സത്യമല്ലാത്ത ചില വാർത്ത കേൾക്കുന്ന ആൾ ആരെ കുറിച്ചാണോ പറയുന്നത്, അയാളെ കുറിച്ച് അറിയാത്ത ആളായിരിക്കാം. അത് ശരിയാണെന്ന് വിശ്വസിച്ച് ആ വ്യക്തിയെ മോശമായി മറ്റുള്ളവരുടെ മുൻപിൽ ചിത്രീകരിക്കുന്നത് വളരെ അപകടകരമായി തീരും എന്നോർക്കുക. യുദ്ധസമയത്ത് പല രാജ്യങ്ങളിലും തെറ്റായ വാർത്തകളും, കള്ളപ്രചരണങ്ങളും, അശരീരികളും വ്യാപിക്കുവാൻ സാധ്യതയുണ്ട്. പലപ്പോഴും ഇത്തരം വാർത്തകൾ ആളുകളെ ചൂഷണം ചെയ്യുവാനും കാരണമാകും. സ്വാർത്ഥലാഭ മോഹികളായവർ അതിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. അത്തരം പ്രവൃത്തികളിൽ ഏർപ്പെടരുത് എന്ന മുന്നറിയിപ്പുകൾ ചുമരുകളിലും ബസുകളിലും കാണാം.

നാം പല രീതിയിലുള്ള കഥകളും ചിത്രീകരണങ്ങളും കണ്ടിട്ടുള്ളവരാണ്. മൂന്നു കുരങ്ങുകളുടെ ചിത്രീകരണം ഒരുപക്ഷെ നിങ്ങൾ കണ്ടിരിക്കാം. അവയിൽ ഒരു കുരങ്ങ് കൈകൾ കൊണ്ട് തന്റെ കണ്ണുകൾ പൊത്തിയിരിക്കുകയാണ്, മറ്റൊരു കുരങ്ങ് തന്റെ കൈകൾകൊണ്ട് ചെവികൾ പൊത്തിയിരിക്കുന്നു, മൂന്നാമത്തെ കുരങ്ങ് കൈകൾ കൊണ്ട് വായ് പൊത്തിയിരിക്കുന്നു. എന്നിട്ട് അവയുടെ താഴെ ഇങ്ങനെ എഴുതിയിരിക്കുന്നു, **ദുഷ്ടത കാണേണ്ട** എന്നു വിചാരിച്ച കുരങ്ങ്, **ദുഷ്ടത കേൾക്കേണ്ട** എന്നു വിചാരിച്ച കുരങ്ങ്, **ദുഷ്ട പറയുകയില്ല** എന്നു വിചാരിച്ച കുരങ്ങ്. നമ്മൾ കുരങ്ങന്മാരല്ല, അതിലും വിശേഷതയുള്ള മനുഷ്യരാണ്. അപ്പോൾ നമുക്ക് ആ തത്വം എത്ര ഗുണകരമാണ് എന്ന് ചിന്തിക്കുക.

ആദ്യമായി, നാവിന്റെ കുഴപ്പത്തെ കുറിച്ച് യാക്കൊബ് പറയുന്നത് നമുക്ക് ശ്രദ്ധിക്കാം. "സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവൻ തിരിക്കുന്നുവല്ലൊ. കപ്പലും എത്ര വലിയത് ആയാലും, കൊടുങ്കാറ്റടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്ക് തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പ് പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു; നാവും ഒരു തീ തന്നെ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു.

മൃഗം, പക്ഷി, ഇഴജാതി, ജലജന്തു, ഈ വക ഒക്കെയും മനുഷ്യരോട് മെരുങ്ങുന്നു, മെരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്ക് ആർക്കും മെരുക്കാവതല്ല! അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശത്തിൽ ഉണ്ടായ

മനുഷ്യനെ അതിനാൽ ശപിക്കുന്നു. ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നത് യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കയ്പുമുള്ള വെള്ളം പുറപ്പെട്ടുവരുമോ? സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവ് പഴവും, മുന്തിരവള്ളി അത്തിപ്പഴവും കായിക്കുമോ? ഉപ്പുറവയിൽനിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല (യാക്കൊബ് 3:1-13).

മുകളിൽ പറഞ്ഞ ദൈർഘ്യമേറിയ പ്രസ്താവനയിൽ ദൈവശ്വാസിയ ലേഖകൻ നമ്മുടെ നാവിനേയും അതിന്റെ അപകടകരമായ ഉപയോഗത്തേയുമാണ് വിശദീകരിച്ചത്. വലുതും ചെറുതുമായ മൃഗങ്ങളെയും കപ്പലിനെയും നമുക്ക് നിയന്ത്രിക്കുവാൻ കഴിയുന്നു. ഒന്നാം നൂറ്റാണ്ടിൽ ആളുകൾക്ക് പരിചയമുണ്ടായിരുന്ന പലതിനേയും യാക്കൊബ് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ആധുനികമായ പല ജെറ്റ് വിമാനങ്ങളും സങ്കീർണ്ണങ്ങളായ യന്ത്രങ്ങളും മനുഷ്യ നിയന്ത്രണത്തിലാണ്. പക്ഷെ നാവ് നമ്മുടെ ശരീരത്തിലെ ഏറ്റവും ചെറിയ ഒരു അവയവമാണ്. പക്ഷെ അതിനെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയുകയില്ല. അതിന്റെ അസ്ഥിരതയെയും ലേഖകൻ എടുത്തു കാണിക്കുകയാണ്. ഉപ്പുറവയിൽനിന്നു മധുരമുള്ള വെള്ളം ഒരിക്കലും പുറപ്പെടുകയില്ല. പക്ഷെ മനുഷ്യന്റെ നാവിൽനിന്നു അനുഗ്രഹവും ശാപവും പുറപ്പെടും. അതാണ് നാവിന്റെ പ്രത്യേകത. വാസ്തവത്തിൽ ഒരേ ഒരു വഴിയിൽ മാത്രമെ നമുക്ക് നാവിനെ നിയന്ത്രിക്കുവാൻ കഴിയുകയുള്ളു. അത് കർത്താവിങ്കലേക്ക് തിരിയുകയും നമ്മെ നിയന്ത്രിക്കുവാൻ കർത്താവിനെ അനുവദിക്കുകയും ചെയ്യുക എന്നതാണ്.

നാവിനെ സൂക്ഷിച്ചില്ലെങ്കിൽ, അരുതാത്തത് നമ്മുടെ നാവിൽനിന്ന് വേഗത്തിൽ പുറപ്പെടുവാൻ സാധ്യതയുണ്ട്. വീണ്ടും യാക്കൊബ് പറയുന്നു, " നിങ്ങളിൽ ഒരുവൻ തന്റെ നാവിന്നു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രെ" (യാക്കൊബ് 1:26). ഒരാൾ ഭക്തനാണെന്ന് അവകാശപ്പെട്ടേക്കാം പക്ഷെ അയാൾക്ക് തന്റെ നാവിനെ നിയന്ത്രിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആ ഭക്തി വെറുതെയാണ് എന്ന് യാക്കൊബ് പറയുന്നു. കർത്താ

വിനെ സ്തുതിക്കുന്ന നാവ് കൊണ്ട് കർത്താവിനെതിരായി സംസാരിക്കുന്നത് എത്ര വിരോധാഭാസമാണെന്ന് ചിന്തിക്കുക. നമ്മുടെ സംസാരവും പെരുമാറ്റവും ദൈവത്തെ മഹത്വപ്പെടുത്തുന്നതായിരിക്കണം.

നാവിന്റെ ഫലങ്ങളിലൊന്നാണ് പരദൂഷണം. അതുമായി ബന്ധപ്പെട്ടതാണ് കുറ്റം കണ്ടെത്തൽ, മറെഞ്ഞ സംസാരം, പിറുപിറുപ്പ് എന്നിവ. കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, "ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കാത്തവിധത്തിൽ നിങ്ങളെ കാണുകയും നിങ്ങൾ ഇച്ഛിക്കാത്തവിധത്തിൽ എന്നെ കാണുകയും ചെയ്യുമോ എന്നും പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടാകുമോ എന്നും ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ ഇടയിൽ താഴ്ത്തുവാനും പാപം ചെയ്തിട്ടു തങ്ങൾ പ്രവർത്തിച്ച അശുദ്ധി, ദുർന്നടപ്പ്, ദുഷ്ക്കാമം എന്നിവയെ കുറിച്ച് മാനസാന്തരപ്പെടാത്ത പലരേയും ചൊല്ലി ഖേദിപ്പാനും സംഗതി വരുമോ എന്നും ഞാൻ ഭയപ്പെടുന്നു" (2 കൊരിന്ത്യർ 12:20, 21). ലൗകിക പശ്ചാത്തലത്തിൽനിന്നു വന്നവരായിരുന്നു കൊരിന്തിലുണ്ടായിരുന്നവർ. അവരിൽ ചിലർ ലോകത്തിൽ ആയിരുന്നപ്പോൾ ചെയ്തുവന്നിരുന്ന ചില കാര്യങ്ങൾ ക്രിസ്ത്യാനികളായിട്ടും വിട്ടുകളഞ്ഞിരുന്നില്ല.

പൗലൊസ് ക്രിസ്ത്യാനികളായവരെ പ്രോൽസാഹിപ്പിച്ച് എഴുതിയിരിക്കുന്നതിന്റെ കാരണം അവർ തങ്ങളുടെ തെറ്റുകൾ തിരുത്തുവാനാണ്. എന്നാൽ അവർ കോപവും, ക്രോധവും, ഈർഷ്യയും പിണക്കവും, കുശുകുശുപ്പും തുടർന്നിരുന്നതായി അപ്പൊസ്തലൻ ദുഃഖത്തോടെ പറയുകയാണ്. തീർച്ചയായും തങ്ങളുടെ ജീവിത ശൈലി മാറ്റുവാൻ ആരംഭത്തിൽ പൗലൊസ് അവരെ നിഷ്ക്കർഷിച്ചിരിക്കും എന്നതു തർക്കമറ്റ കാര്യമാണ്. പക്ഷെ അവർക്ക് അത് മാറ്റുവാൻ കഴിഞ്ഞിരുന്നില്ല. ഏതെങ്കിലും ഒരു തെറ്റ് ഒരാളിൽ വന്നാൽ അതിനെ തുടർന്നു മറ്റുള്ളവയും വരുമെന്നതാണ് കുഴപ്പം. അവർക്കിടയിൽ നുണയും, കുശുകുശുപ്പും, ദൂഷണവും പറയുന്നവർ അവരുടെ ബന്ധുക്കളായിരിക്കാം. അങ്ങനെയാകുമ്പോൾ അവരുടെ ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കും. തൽഫലമായി പകയും പിണക്കവും, ഈർഷ്യയും ഉണ്ടാകും.

ചിലർ രഹസ്യത്തിൽ പറയുന്ന ദൂഷണങ്ങൾ ആരോടും പറയരുത് എന്ന മുന്നറിയിപ്പോടെയായിരിക്കും പറയുന്നത്, പക്ഷെ കേൾക്കുന്നവർ പുറത്ത് പോയി പരസ്യമായി പറയും എന്നതാണ് അതിന്റെ അപകടകരമായ മറ്റൊരുവശം. ക്രിസ്ത്യാനികൾ അറിയുന്നവരെ കുറിച്ചായാലും അറിയാത്തവരെ കുറിച്ചായാലും ദോഷമായി ഒന്നും സംസാരിക്കരുത്. അതിന്റെ തത്വം എന്തെന്നാൽ, കൂട്ടുകാരനോട് നാം സത്യം മാത്രമെ സംസാരിക്കാവു. അത് സ്നേഹത്തിലായിരിക്കണം സംസാരിക്കേണ്ടത്. മറ്റൊരാൾ കേൾക്കാതെ മന്ദസ്വരത്തിൽ സംസാരിക്കുന്നത് മനുഷ്യരുടെ സ്വഭാവമാണ്. മോശെയുടെ കാലത്ത് യിസ്രായേൽ ജനം അവർക്കിഷ്ടമില്ലാത്ത സാഹചര്യം നേരിട്ടപ്പോൾ അവർ മോശെക്കെതിരെ പിറുപിറുക്കുകയുണ്ടായി. അവർ തങ്ങളുടെ സഹോദരങ്ങൾക്കെതിരെയോ, നായകന്മാർക്കെതിരെയോ പിറുപിറുക്കുന്നത് ന്യായീകരിക്കാവുന്നതായിരുന്നില്ല.

യിസ്രായേൽ ജനത്തിന്റെ പിറുപിറുപ്പ് സ്വഭാവത്തെ ഓർമ്മിപ്പിച്ചശേഷം പൗലൊസ് 1 കൊരിന്ത്യർ 10 ൽ കൊരിന്ത്യരോടുള്ള സന്ദേശത്തിൽ പറയുന്നു, "അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചുപോയതുപോലെ, നിങ്ങൾ പിറുപിറുക്കയുമരുത്" (1 കൊരിന്ത്യർ 10:10). നമുക്ക് ഇഷ്ടപ്പെടാത്ത ആളെ കുറിച്ച്, കുറ്റം കണ്ടെത്തുവാനും, അയാളെ ദുഷിക്കുവാനും, അയാൾക്കെതിരെ മോശമായി സംസാരിക്കുവാനും പിറുപിറുക്കുവാനും വളരെ പെട്ടെന്നു കഴിയും. പക്ഷെ അതിന്റെ അനന്തരഫലത്തെ കുറിച്ച് നാം ചിന്തിക്കുകയില്ല. നമ്മുടെ സ്നേഹിതരോടോ അല്ലെങ്കിൽ അയൽക്കാരോടോ ഇങ്ങനെ പറയുന്നത്, ആരെ കുറിച്ചാണോ അയാൾ അത് അറിയുമ്പോൾ വഴക്കിന് നാം വഴി തുറന്നിടുകയാണ്. സ്വന്തം വീട്ടിലുള്ളവരെ കുറിച്ചായാലും, സ്നേഹിതരെ കുറിച്ചായാലും, സഭയിലുള്ളവരെ കുറിച്ചായാലും, അല്ലെങ്കിൽ അദ്ധ്യകക്ഷന്മാരെ കുറിച്ചായാലും, നമുക്ക് ഇഷ്ടമല്ലാത്തതെന്തെങ്കിലും, അത് ശരിയാണെന്ന പൂർണ്ണ ബോധ്യമുണ്ടെങ്കിൽ നേരിട്ടാണ് സംസാരിക്കേണ്ടത് അല്ലാതെ മറ്റുള്ളവരോടല്ല എന്ന സത്യം നാം മനസിലാക്കി പാലിക്കണം. ആത്മാർത്ഥതയുള്ള ഒരു ക്രിസ്ത്യാനി ചെയ്യേണ്ടത് ദൂഷണം പരത്തുകയില്ല എന്ന ഉറച്ച തീരുമാനത്തിലെത്തണം.

ഇനി നമുക്ക് സൂക്ഷിച്ച് സംസാരിക്കേണ്ടതായ ചില തിരുവെഴുത്തു ഭാഗങ്ങൾ പരിശോധിക്കാം. "വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കിക്കൊൾക" (തിത്തൊസ് 2:7). യാക്കൊബ് തന്റെ ലേഖനത്തിൽ പറയുന്നു, "സഹോദരന്മാരേ, അന്യോന്യം ദുഷിക്കരുത്, തന്റെ സഹോദരനെ ദുഷിക്കയും വിധിക്കുകയും ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കയും ന്യായപ്രമാണത്തെ വിധിക്കയും ചെയ്യുന്നു. ന്യായപ്രമാണത്തെ ദുഷിക്കുന്നു എങ്കിൽ നീ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവനത്രെ" (യാക്കോബ് 4:11). അപ്പൊസ്തലനായ പത്രൊസ് തന്റെ ലേഖനത്തിൽ നമ്മെ പ്രബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക, "ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ. അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്യുകയും, സമാധാനം അന്വേഷിച്ചു പിന്തുടരുകയും ചെയ്യട്ടെ" (1 പത്രൊ. 3:10, 11).

ഏതെങ്കിലും വിധത്തിലുള്ള പരദൂഷണം നിങ്ങൾ കേൾക്കുമ്പോൾ നിങ്ങളോട് തന്നെ താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുകയാണ് വേണ്ടത്.

കേൾക്കുന്നത് സത്യമാണോ? കാരണം നമ്മിൽനിന്നു അസത്യമായത് ഒന്നും പുറപ്പെടരുത്. നാം ദൈവത്തിന് കണക്കു കൊടുക്കേണ്ടവരാണ് എന്നോർക്കുക. എന്തിനാണ് ഞാൻ ഈ വിവരം മറ്റുള്ളവരുമായി പങ്കിടേണ്ടത്? അതു ഗുണമുള്ളതാണോ? അത് മറ്റുള്ളവർക്ക് ഉപകാരപ്രദമാണോ? അല്ലെങ്കിൽ ഇത് ഞാൻ പറഞ്ഞാൽ ആർക്കെങ്കിലും ദോഷം ഉണ്ടാകുമോ? ഈ വിവരം എവിടെ നിന്നാണ് ഉത്ഭവിച്ചത്? സ്നേഹിതനിൽനിന്നു കേട്ടതാണോ? അതോ റേഡിയോവിൽകൂടെയോ ദൃശ്യമാദ്ധ്യമങ്ങളിൽ കൂടെ കിട്ടിയതാണോ? അത്തരം ഉറവിടങ്ങൾ വിശ്വസനിയമാണോ? ആ വിവരത്തിന്റെ സ്വഭാവം എന്താണ്? അത് സന്തോഷിപ്പിക്കുന്നതാണോ? അതോ ദുഃഖിപ്പിക്കുന്നതാണോ? ഇങ്ങനെയുള്ള ചിന്ത കാര്യങ്ങൾ വിവേചിക്കുവാൻ നമ്മെ സഹായിക്കുന്നതാണ്.

✶

# നിങ്ങൾക്ക് ഇന്ന് വെള്ളത്തിന്മേൽ നടക്കുവാൻ കഴിയും

## ക്ലെം തർമാൻ

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ ധാരാളം പുരുഷന്മാർ അവനെ അനുഗമിച്ചിരുന്നു. അത് അവന്റെ അത്ഭുതപ്രവൃത്തികൾ കാണുവാനും ഉപദേശങ്ങൾ ശ്രവിക്കുവാനുമായിരുന്നു. ദൈവത്തിന്റ ഉദ്ദേശം മനുഷ്യർക്കായി വെളിപ്പെടുത്തുവാൻ വന്ന ദൈവപുത്രൻ ദൈവത്തിന്റെ ശക്തിയും മനുഷ്യർക്ക് കാണിച്ചു കൊടുത്തു. യേശു പലപ്പോഴും പ്രാർത്ഥിക്കുവാൻ സമയം ചെലവിട്ടിരുന്നു. അവൻ തനിച്ചിരുന്നും പ്രാർത്ഥിച്ചിരുന്നു. ശിഷ്യന്മാർ പടകിൽ യാത്ര ചെയ്തു കൊണ്ടിരുന്നപ്പോൾ, യേശു കടലിന്മേൽ നടന്ന് അവരുടെ അടുക്കലേക്ക് വന്നു. അതു കണ്ട ശിഷ്യന്മാർ "അത് ഒരു ഭൂതമായിരിക്കും" എന്നു സംശയിച്ചു പേടിച്ചു വിറച്ചു. അപ്പോൾ യേശു അവരോട്, "ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു പേടിക്കേണ്ടാ എന്നു പറഞ്ഞു."

പത്രൊസ് പിന്നെ പറഞ്ഞു, "കർത്താവേ അത് നീയാകുന്നുവെങ്കിൽ, വെള്ളത്തിന്മേൽ നടക്കുവാൻ എന്നെ അനുവദിക്കേണമേ." അതിനു അവൻ പത്രോസിനോട് വരിക എന്നു പറഞ്ഞു. പത്രൊസ് ഉടനെ വെള്ളത്തിലേക്കിറങ്ങി നടക്കുവാൻ തുടങ്ങി. എന്നാൽ അവൻ കടലിലെ കാറ്റ് കണ്ടു ഭയന്നു; മുങ്ങുവാൻ തുടങ്ങുകയും അവൻ യേശുവിനോട്, കർത്താവേ, എന്നെ രക്ഷിക്കേണമേ എന്നു നിലവിളിച്ചു പറഞ്ഞു. ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചു അവനോടു ചോദിച്ചു "അൽപവിശ്വാസിയേ, നീ എന്തിനു സംശയിച്ചു?" (മത്തായി 14:22-31). പത്രൊസിനെ ചെറുതാക്കുവാൻ നമുക്ക് എളുപ്പമാണ്. പക്ഷെ സംശയം മാത്രമായിരുന്നുവോ അവന്റെ പ്രശ്നം? എന്നാൽ അവൻ മുങ്ങുവാൻ കാരണം അവന്റെ സംശയമായിരുന്നു. പക്ഷെ അവൻ വെള്ളത്തിലേക്കിറങ്ങിയത് വലിയ വിശ്വാസത്തോടുകൂടെ ആയിരുന്നു. നമ്മിൽ എത്രപേർക്ക് കാറ്റടിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ പടകിൽ നിന്ന് കടലിലേക്കിറങ്ങുവാൻ കഴിയും? ഈ സംഭവത്തിൽ കർത്താവ് നമ്മെ പഠിപ്പിക്കുന്ന ഗുണ

പാഠങ്ങൾ നമുക്കു നോക്കാം.

## നമുക്കുള്ള ദൈവേഷ്ടം നാം മനസിലാക്കണം.

കർത്താവ് പറഞ്ഞു, "എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോടു കേട്ടുപഠിച്ചവർ എല്ലാം എന്റെ അടുക്കൽ വരും; സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 6:45; 8:32). കർത്താവ് നമുക്കുവേണ്ടിയുള്ള അവന്റെ ഇഷ്ടം "അവന്റെ വചനത്തിൽ" വെളിപ്പെടുത്തിയിരിക്കുന്നു (1കൊരിന്ത്യർ 2:13) അതിനെ തിരുവെഴുത്തുകൾ എന്നാണ് വിളിക്കുന്നത് (2തിമൊഥെയോസ് 3:16). അവന്റെ വചനം വായിച്ചാൽ മാത്രമേ നമ്മോടുള്ള അവന്റെ ഇഷ്ടം നമുക്കു മനസിലാകുവാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് നമ്മോടു തിരുവെഴുത്തുകളെ ശോധന ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് (യോഹ. 5:39; പ്രവൃത്തികൾ 17:13). വായിക്കുവാനും, പഠിക്കുവാനും, ഉപദേശിക്കുവാനുമാണ് ദൈവം തന്റെ വചനം നൽകിയിരിക്കുന്നത് (പ്രവൃത്തികൾ 2:42; റോമർ 1:16, 17; 1തിമൊഥെയോസ് 4:11–16).

പടകിലുള്ള മറ്റാരും വെള്ളത്തിലേക്കിറങ്ങിയില്ല. യേശു അവരോട് ആവശ്യപ്പെട്ടുമില്ല. പത്രോസിനോട് മാത്രമാണ് യേശു പറഞ്ഞത്. നാം ദൈവത്തിന്റെ വചനം വായിക്കുമ്പോൾ, ശരിയായി മനസിലാക്കണം. എങ്കിൽ മാത്രമേ ശരിയായി അവതരിപ്പിക്കുവാൻ കഴിയുകയുള്ളു (2തിമൊഥെയോസ്. 2:15). എല്ലാ വാഗ്ദാനങ്ങളും നിങ്ങൾക്കുള്ളതല്ല, എല്ലാ കല്പനകളും നിങ്ങൾക്കുള്ളതല്ല. ഉദാഹരണത്തിന് ദൈവം നോഹയോട് പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞു, അവൻ അത് നിങ്ങളോടു പറയുന്നില്ല. ദൈവം അബ്രഹാമിനോട്, നിന്റെ ചാർച്ചക്കാരേയും പിതൃദേശത്തേയും വിട്ടു പോകുക എന്നു പറഞ്ഞു; അവൻ അത് നിങ്ങളോടു പറയുന്നില്ല. ന്യായപ്രമാണത്തിലെ എല്ലാ കല്പനകളും പ്രമാണിപ്പാൻ ദൈവം യിസ്രായേൽ ദേശത്തോട് പറഞ്ഞിരുന്നു (ആവർത്തനം 6:24). എന്നാൽ ഇന്നു നാം ന്യായപ്രമാണം അനുസരിച്ചാൽ "കൃപയിൽ നിന്നു വീണുപോകും" (ഗലാത്യർ 5:6). കർത്താവ് നമ്മോട് വെള്ളത്തിന്മേൽ നടക്കുവാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ പത്രൊസിനോട് അവൻ പറഞ്ഞു. നാം ചെയ്യേണ്ടത് കർത്താവ് നമ്മോട് ആവശ്യപ്പെടുന്നതാണ്.

## കർത്താവിന്റെ ശക്തിയിൽ നമുക്കു വിശ്വാസം വേണം.

കർത്താവ് വാസ്തവത്തിൽ വെള്ളത്തിൻ മീതെ നടക്കുന്നത് പത്രൊസ് കണ്ടില്ലായിരുന്നുവെങ്കിൽ, അവൻ ഒരിക്കലും പടകിൽ നിന്ന് അപ്പോൾ വെള്ളത്തിലേക്ക് ഇറങ്ങുമായിരുന്നില്ല. വാസ്തവത്തിൽ കർത്താവിന്റെ ശക്തി അവന് ഉറപ്പു നൽകുകയായിരുന്നു. തന്റെ ശക്തിയുടെ ഉറപ്പു കാണിക്കുന്നതിനായിരുന്നു അവന്റെ അത്ഭുതങ്ങളെല്ലാം. യേശുവിന്റെ അത്ഭുതങ്ങൾ കണ്ടതുകൊണ്ടായിരുന്നു നിക്കോദെമോസ് അവന്റെ അടുക്കൽ സഹായത്തിനായി വന്നത്. അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നും ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു (യോഹന്നാൻ 3:2).

യേശു മരിക്കുന്നതിനു മുമ്പ് താൻ ഉയർത്തെഴുന്നേൽക്കുമെന്ന് മുന്നറിയിച്ചിരുന്നു (മത്തായി 27:63; മർക്കൊസ്. 8:31). അവന്റെ ശക്തിയുടെ ഉറപ്പ് കാണിക്കുന്നതുകൂടെയായിരുന്നു അവന്റെ ഉയർത്തെഴുന്നേൽപ്പ്. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവ പുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നുവല്ലോ (റോമർ. 1:5). യേശുക്രിസ്തു എന്ന ഏക രക്ഷകനാണ് മനുഷ്യർക്കുള്ളത്. നാം രക്ഷിക്കപ്പെടുവാൻ നൽകപ്പെട്ട മറ്റൊരു നമവുമില്ല (യോഹന്നാൻ 14:6; പ്രവൃത്തികൾ 4:12). ക്രിസ്തുവിൽ മാത്രമാണ് രക്ഷയും പാപമോചനവും ഉള്ളത് (2തിമൊഥെയോസ് 2:10; കൊലൊസ്യർ 1:14) അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു (എബ്രായർ. 7:25).

## നമ്മെ പ്രാപ്തനാക്കുന്നവനിൽ നമുക്കു വിശ്വാസം വേണം.

യേശു വെള്ളത്തിന്മേൽ നടക്കുന്നത് പത്രൊസ് കണ്ടു, എന്നാൽ

അവനതു ചെയ്യുവാനും പൂർത്തീകരിക്കുവാനും മതിയായത്ര വിശ്വാസം ഇല്ലായിരുന്നു. അവൻ കർത്താവിനോട് അനുവാദം ചോദിച്ചിട്ടാണ് നടക്കുവാൻ തുടങ്ങിയത് (മത്തായി 14:28). അവൻ അപേക്ഷിക്കുവാൻ കാരണം തന്നെ പ്രാപ്തനാക്കുവാൻ യേശുവിനു കഴിയുമെന്നു അവനറിയാമായിരുന്നു. “വരിക” എന്ന് യേശു പറഞ്ഞപ്പോൾ പത്രൊസ് ഉടനെ പടകിൽനിന്ന് വെള്ളത്തിലേക്കിറങ്ങി. കർത്താവിന്റെ ശക്തിയിൽ അവനുണ്ടായിരുന്ന വിശ്വാസമാണ് അത് പ്രകടമാക്കിയത്. പൗലോസ് എഴുതി “എനിക്കു ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവു എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷക്കു ആക്കിയതുകൊണ്ടു ഞാൻ അവനെ സ്തുതിക്കുന്നു” (1തിമൊഥെയൊസ്. 1:12). പെട്ടകം പണിയുവാൻ ദൈവം തന്നെ പ്രാപ്തനാക്കുമെന്ന് നോഹക്ക് വിശ്വാസമുണ്ടായിരുന്നു (എബ്രായർ 11:7).

തന്റെ ഇഷ്ടം ചെയ്യുവാൻ അവൻ നമ്മെ പ്രാപ്തനാക്കുമെന്ന വിശ്വാസം വിശ്വാസികളിൽ പലപ്പോഴും ഇല്ലാ എന്നു കാണാം. ഒരാൾ പറഞ്ഞേക്കാം ഞാൻ ഒരുപക്ഷെ ക്രിസ്ത്യാനിയായി തീർന്നാലും എനിക്കങ്ങനെ ജീവിക്കുവാൻ കഴികയില്ല. വേറൊരു ആൾ പറഞ്ഞേക്കാം, “എനിക്ക് എന്റെ അയൽക്കാരനോട് കർത്താവിനെക്കുറിച്ചു പറയാം, എന്നാൽ വലിയ പ്രയോജനം ഉണ്ടാകുമെന്ന് തോന്നുന്നില്ല. പലപ്പോഴും ആളുകൾ പറയുന്നത്, “അത് ഒരു നല്ല പ്രവൃത്തിയാണ്, പക്ഷെ നിങ്ങൾക്കതു ചെയ്യാവാൻ കഴിയുകയില്ല.” ഇതിലെല്ലാം ഉള്ള പൊതുവായ സ്വാഭാവം ഇതാണ്: അവർ കർത്താവിന്റെ ശക്തിയിൽ വിശ്വസിക്കുന്നില്ല. അവർ വിശ്വസിക്കുന്നുണ്ട് എന്നു പറഞ്ഞേക്കാം, എന്നാൽ നമ്മെ പ്രാപ്തനാക്കുന്ന കർത്താവിന്റെ ശക്തിയിൽ അവർ വിശ്വസിക്കുന്നില്ല. പൗലോസ് എഴുതി, “ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്” (ഫിലിപ്പിയർ 2:13). യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും വിടുവിക്കുവാൻ മോശയിൽകൂടെ ദൈവം പ്രവർത്തിച്ചു. ഗോല്യാത്തിനെ അതിജീവിക്കുവാൻ ദാവീദിൽകൂടെ ദൈവം പ്രവർത്തിച്ചു. നമ്മിൽകൂടെയും ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയും, പക്ഷെ അവൻ ആഗ്രഹിക്കുന്നതുപോലെ നമ്മിൽ പ്രവർത്തിക്കുവാൻ അവനെ നാം അനുവദിക്കണം. പൗലോസ് പറ

ഞ്ഞു, എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ അത്രേ (ഫിലിപ്പിയർ 4:13).

## നമ്മുടെ തീർച്ചക്ക് നമുക്ക് ധൈര്യം വേണം.

യേശുവിന്റെ മരണത്തെ തടുക്കുവാൻ പത്രോസ് എത്ര ശക്തമായി ശ്രമിച്ചു എന്നതല്ല, അവൻ പടകിൽനിന്ന് എത്ര വിശ്വാസത്തോടെ ഇറങ്ങി എന്നതുമല്ല, ദൗത്യം പൂർത്തീകരിപ്പാൻ അവന്റെ തീർച്ചയിൽ ധൈര്യവും ആവശ്യമായിരുന്നു. യാക്കോബ് ചോദിച്ചു, "സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട് എന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഇന്നും നമ്മുടെ തീർച്ചക്ക് നമുക്ക് ധൈര്യം ആവശ്യമാണ്.

നാം വിശ്വസിക്കുമ്പോൾ നമ്മുടെ പ്രതികരണം എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിലെ ഹാബേലിന്റേയും, ഹാനോക്കിന്റേയും, നോഹയുടേയും, അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കോബിന്റേയും, മോശയുടേയും മറ്റും വിശ്വാസത്തോടുള്ള പ്രതികരണമാണ് വേണ്ടത്. അവരെല്ലാം ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് ദൈവം അവരോട് പറഞ്ഞതെല്ലാം അങ്ങനെ തന്നെ ചെയ്തു.

രക്ഷിക്കപ്പെടുവാൻ യേശുക്രിസ്തു കല്പിച്ചിരിക്കുന്ന കല്പനകൾ നാം അങ്ങനെതന്നെ അനുസരിക്കുമ്പോഴാണ് അതിലെ ഫലം നമുക്ക് ലഭിക്കുന്നത് (മർ. 16:16). പാപമോചനം സകല മനുഷ്യർക്കും ആവശ്യമാണ്. കാരണം ഒരു വ്യത്യാസവുമില്ലാതെ എല്ലാവരും പാപം ചെയ്യുന്നു. ആളുകളുടെ വിശ്വാസം കർത്താവിന്റെ ശക്തിയിൽ ആകുമ്പോൾ അവൻ മനുഷ്യരെ രക്ഷിക്കുന്നതോടൊപ്പം അവർക്ക് അങ്ങനെ തന്നെ നിൽകുവാൻ പ്രാപ്തിയും നൽകുന്നു. അവർക്ക് പരീക്ഷണങ്ങൾ നേരിടുമ്പോൾ ക്രർത്താവ് പോക്കുവഴിയൊരുക്കി അവരെ സഹായിക്കും (1കൊരിന്ത്യർ 10:12,13). ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിലും അവന്റെ രക്ഷാ ദാനത്തിലും നമുക്ക് യഥാർത്ഥത്തിൽ വിശ്വാസമുണ്ടാകുമ്പോൾ നാം ക്രിയാത്മകമായി അതിനോടു പ്രതികരിക്കും. കൂടാതെ തെറ്റു ചെയ്യുന്ന ഒരു സഹോദരനെ സൗമ്യതയുടെ ആത്മാവിൽതിരുത്തുവാനും നമുക്കു കഴിയും.

# നിങ്ങളുടെ ഭക്തിയെ പരിശോധിക്കുക

## ഫ്രാൻസിസ് ഡേവിഡ്

മതഭക്തിയും മതത്തോടുള്ള ഭക്തിയും ഏറിയിരിക്കുന്ന ഈ കാലയളവിൽ മതപരമായ കാര്യങ്ങൾ ബുദ്ധിപൂർവ്വം ചെയ്യണം. ചെയ്യുന്നതു ശരിയോ തെറ്റോ എന്നു വിലയിരുത്തേണ്ടതാണു. ഏതു കാര്യത്തിലും ഇതു വാസ്തവമാണ്. പുതിയ നിയമത്തിൽ യാക്കൊബിന്റെ ലേഖനം ചെറുതാണെങ്കിലും അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആത്മീയ മൂല്യം നമ്മുടെ ദൈനന്തിന ജീവിതത്തെ ബാധിക്കത്തക്ക രീതിയിലാണ്. ധാരാളം സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിനായി തന്നിരിക്കുന്നു. ഓരോ ദിവസവും നാം മതപരമായി എങ്ങനെ ജീവിക്കണമെന്ന് ഈ പുസ്തകം വായിച്ചാൽ മനസിലാകും. നാം പലപ്പോഴും നമ്മുടെ മതത്തെ കുറിച്ച് പ്രശംസിക്കാറുണ്ട്. നാം അത് വാസ്തവത്തിൽ നമ്മുടെ ജീവിതത്തിൽ പരിശീലിക്കാറുണ്ടോ? മതപരമായ കാര്യങ്ങൾ അനുസരിച്ച് ദിവസവും ജീവിക്കുന്നില്ലെങ്കിൽ പ്രയോജനമില്ല. വ്യക്തി ജീവിതത്തിൽ ഉണ്ടാകേണ്ട ഒന്നാണ് ഇത്. സ്വന്തം ജീവിതത്തിൽ ഇല്ലാത്ത ഒന്നിനെക്കുറിച്ച് നമുക്ക് പറയാൻ എന്തവകാശം? ഇവിടെയാണ് ഒരു പുനർചിന്തയുടെ ആവശ്യം ഉദിക്കുന്നത്.

ഭക്തിയെ ആളുകൾ മനസിലാക്കിയിരിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. യാക്കൊബിന്റെ ലേഖനത്തിൽ വ്യർത്ഥമായ ഭക്തി എങ്ങനെയുള്ളത് എന്നു കാണിക്കുന്നു. നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രെ. മനസിൽ തോന്നുന്ന തൃപ്തിയിൽ ഒതുങ്ങുന്ന ഒന്നായിരിക്കരുത് ഭക്തി. അതിനപ്പുറമായി ചിലതുണ്ട്. സ്വന്ത ഇഷ്ടത്തെ മാനിച്ചുകൊണ്ടു ചെയ്യുന്നതല്ല ഭക്തി. ദൈവസന്നിധിയിൽ സ്വീകാര്യമായ ഭക്തി എന്താണെന്ന് തിരിച്ചറിയണം. നിഷ്പ്രയോജനമായ ഭക്തിയിൽ നിലനിന്നിട്ടെന്തു കാര്യം? നാം ദിവസവും ആളുകളുമായി ബന്ധപ്പെട്ടു സംസാരിക്കാറുണ്ട്. അവർക്കു നമ്മുടെ സംസാരത്തിൽ നിന്നു കിട്ടുന്ന ഭക്തി എങ്ങനെയുള്ളതാണ്? ഒരൊരുത്തരും സ്വയം ചോദിക്കേണ്ട

ചോദ്യമാണിത്.

നമ്മുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആസ്പദമാക്കിയുള്ളതായിരിക്കണം. കാരണം നാം അവനോടു ചേർന്നു അവനെ അനുഗമിക്കുന്നവരാണ്. ക്രിസ്തുവാണ് ശരിയായ വഴി നമുക്ക് കാണിച്ചു തന്നത്. സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി അവൻ മാത്രമാണ്. നമ്മെ ജീവിപ്പിക്കാൻ ക്രിസ്തുവിനു മാത്രമെ കഴിയു. തന്നിൽ തന്നെ ജീവൻ ഉള്ളതുകൊണ്ട് അവന് അത് കൊടുപ്പാനും തിരിച്ചെടുപ്പാനും അധികാരമുണ്ട്. സത്യം മറ്റെങ്ങും ലഭ്യമല്ല; ക്രിസ്തുവിൽ മാത്രമാണ് ദൈവ വചനം ഉള്ളത്. നിത്യജീവന്റെ വചനങ്ങളാണ് അവ (യോഹന്നാൻ 14:6). അവന്റെ ഉപദേശം അനുസരിക്കാതെ ആർക്കും പിതാവിന്റെ അടുക്കൽ പ്രവേശിക്കാവുന്നതല്ല. നമ്മുടെ ഓരോ ദിവസവും ഉള്ള എല്ലാ ഇടപാടുകളിലും നാം ക്രിസ്തുവിനെ മറ്റുള്ളവർക്കു കാണിച്ചു കൊടുക്കണം. ക്രിസ്തു, ദൈവത്തെ ലോകത്തിന് കാണിച്ചു കൊടുത്തു. നാം കർത്താവിനെ ലോകത്തുള്ള മനുഷ്യർക്കു കാണിച്ചു കൊടുക്കണം. ഇല്ലെങ്കിൽ നമ്മുടെ ഈ ലോക ജീവിതം കൊണ്ടർത്ഥമില്ല.

നമ്മുടെ ശരീരത്തിലെ ഏറ്റവും ചെറിയ അവയവമാണ് നാവ്. വളരെ അപകടകാരിയാകും ചിലപ്പോൾ. നാവിനെ നമുക്ക് സ്വയമായി നിയന്ത്രിക്കാൻ സാദ്ധ്യമല്ല. "കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലൊ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻ കൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു. നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവ ചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈ വകയെല്ലാം മനുഷ്യ ജാതിയോടു മരുങ്ങുന്നു. മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്ക് ആർക്കും മരുക്കാവതല്ല. അതു അടങ്ങാത്ത ദോഷം. മരണകരമായ വിഷം നിറഞ്ഞത്. എത്ര വിശദമായിട്ടാണ് യാക്കോബ് നാവിനെ പറ്റി പരാമർശിച്ചി

രിക്കുന്നത്. ദൈവ മക്കളായി തീർന്ന ഓരോ വ്യക്തിയും ഈ മുന്നറിയിപ്പ് ഗണ്യമാക്കേണ്ടതാണ്. അശ്രദ്ധമായി നാവിനെ ഉപയോഗിച്ചാൽ അതിന്റെ ദോഷ ഫലം നാം തന്നെ അനുഭവിക്കണം.

കളിവാക്ക്, പൊട്ടച്ചോൽ, ദുർഭാഷണം എന്നിവക്കുള്ളതല്ല നമ്മുടെ നാവ്. നാവിന്റെ ശരിയായ ഉപയോഗവും നാം തിരുവെഴുത്തിൽ നിന്നു തിരിച്ചറിയണം. നന്മക്കു വേണ്ടി ഉപയോഗിക്കാൻ പറഞ്ഞിരിക്കുന്ന അവയവത്തെ നാം തിന്മക്കായി അനുവദിക്കരുത്. ക്രിയാത്മകമായി തീരേണ്ടതു ഒരിക്കലും വശീകരണത്തിനായി തീരരുത്. ദൈവം എന്തുദ്ദേശത്തിനു വേണ്ടി രൂപപ്പെടുത്തിയിരിക്കുന്നുവോ ആ ഉദ്ദേശത്തിനായി മാത്രം ഉപയോഗിക്കുക.

നമ്മുടെ സംസാരം കേൾക്കുന്നവർക്ക് ഏതു രീതിയിലുള്ള പ്രതികരണമാണ് ഉണ്ടാവുക എന്നതാണ് നാം ചിന്തിക്കേണ്ടത്. പൗലൊസ് എഫേസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്: കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിനു ആവശ്യം പോലെ ആത്മീക വർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത് (എഫെസ്യർ 4:29). നമ്മുടെ കർത്താവ് ഈ ഭൂമിയിൽ ജീവിച്ചപ്പോൾ അരുതാത്ത യാതൊരു ഭാഷണവും അവനിൽനിന്നുണ്ടായില്ല. ആ നല്ല മാതൃകയെ പത്രൊസ് വിവരിക്കുന്നുണ്ട്. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും. ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രേ ചെയ്തത് (1പത്രൊസ്. 2:22,23). ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ (1 പത്രൊസ് 3:10). നമ്മുടെ സംസാരവും പെരുമാറ്റവും സ്വഭാവവും എല്ലാം ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായ രീതിയിൽ മാത്രം സൂക്ഷിക്കുക (ഫിലിപ്പിയർ 1:27).

ക്രിസ്ത്യാനികൾ മറ്റുള്ളവരോട് ഇടപെടുമ്പോൾ വളരെ ആലോചിക്കേണ്ടതുണ്ട്. ഏറ്റവും നല്ല രീതിയിൽ എങ്ങനെ പെരുമാറാൻ കഴിയുമെന്ന് ചിന്തിച്ച് സംസാരിക്കണം. വീണ്ടും ജനിക്കപ്പെട്ട ഓരോ ദൈവ പൈതലും സൽപ്രവൃത്തികൾക്കായിട്ടത്രെ ജനിപ്പിച്ചിരിക്കു

ന്നത്, നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവർ ആകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെ സ്യർ 2:10). നാം ആളുകളോടു ഇടപെടുമ്പോൾ നമ്മുടെ വ്യക്തിത്വം പ്രതിബിംബിക്കയാണ് ചെയ്യുന്നത്.

✶

# സ്വർഗ്ഗം നഷ്ടപ്പെടുത്താൻ ധൈര്യപ്പെടരുത്

### ജോണി രാംസെ

ഏതു കാര്യത്തിനായാലും ഒരു തയ്യാറെടുപ്പ് ആവശ്യമാണ്. ഉന്നം ലക്ഷ്യമാണ്. ലക്ഷ്യമില്ലാത്ത ആരും ഒന്നിനും പ്രവർത്തിക്കയില്ല. സ്വർഗ്ഗം എന്നത് ദൈവത്താൽ തയ്യാറാക്കപ്പെട്ട സ്ഥാനമാണ്. ഒരു പ്രത്യേക തയ്യാറെടുപ്പ് നടത്തിയ ആളുകൾക്കു വേണ്ടി ഒരുക്കിയി ട്ടുള്ള പ്രത്രേക സ്ഥലമാണത്. അതു നഷ്ടപ്പെടുത്തുവാൻ അവ സരം കണ്ടെത്തുന്നവരുണ്ട്. കാണപ്പെടാത്ത ഒരു സ്ഥലമാണല്ലോ സ്വർഗ്ഗം. അത്യുന്നതങ്ങളിൽ സുവർണ്ണവും മനോഹരവുമായ ഒരു സങ്കേതപട്ടണം അവകാശമാക്കുവാൻ കഴിയുന്നവരും കഴിയാത്ത വരും ഉണ്ട്. സ്വർഗ്ഗത്തിലേക്കുള്ള കവാടം അവിടെ പ്രവേശിക്കാൻ യോഗ്യതയുള്ളവർക്കു വേണ്ടി തുറന്നു വെച്ചിരിക്കയാണ്. മരണ നദിക്കപ്പുറമാണ് ഈ സ്ഥലം. എല്ലാക്കാലത്തേയും വീണ്ടെടുക്ക പ്പെട്ടവരുടെ മനോഹരമായ ഒരു കൂട്ടായ്മയാണ് അവിടെ ലഭിക്കു ന്നത്. ഈ പ്രത്യാശയാണ് നമ്മെ നല്ല ജീവിതത്തിനു ഉടമകളാക്കി മാറ്റുന്നത്, ഒന്നു സ്വീകരിക്കയും മറ്റേതു നിഷേധിക്കയുമാണ് ആളു കൾ ചെയ്യുന്നത്. സ്വീകരിക്കുന്നതിനും നിഷേധിക്കുന്നതിനും ധൈര്യം ആവശ്യമാണ്.

വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങൾ ദൈവം മനു ഷ്യർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം നിത്യമായി അവ കാശമാക്കുവാൻ എല്ലാവർക്കും സാദ്ധ്യമല്ല. അല്ലെങ്കിൽ എല്ലാവരും അതിനു തയ്യാറാവുന്നില്ല. നേടുന്നതിനെ ആളുകൾക്കു ബാഹ്യ കണ്ണു

കൾ കൊണ്ടു കാണാൻ കഴിയുന്നു. പക്ഷെ വിശ്വാസക്കണ്ണിലൂടെ കാണുവാൻ കഴിയുന്നതായ വലിയ സ്ഥാനം അവർ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇപ്പോൾ അവർ അതിനെ കുറിച്ച് വിഷമിക്കയില്ല. പക്ഷെ പിന്നീട് അതിന്റെ ഫലം അവർ മനസിലാക്കി കഴിയുമ്പോൾ അവർക്ക് അതിനു വേണ്ടി ഒന്നും ചെയ്യാൻ പറ്റുകയില്ല. വിശ്രമം ശരിയായി ആസ്വദിക്കാൻ കഴിയുന്നതു ദൈവ കരങ്ങളിലാണ്. ആശ്വാസം ലഭിക്കുന്നതു മറ്റെങ്ങുമല്ല. ദുഃഖവും ദുരിതവും വേദനയും ആർക്കാണ് സഹിക്കാൻ പറ്റുക? പക്ഷെ ഒരു കൂട്ടർ ഇതു സ്വയം വിളിച്ചു വരുത്തുന്നു. നമ്മുടെ പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമം ആവശ്യമാണ്. ഈ ലോക ജീവിതത്തിലെ ക്ലേശങ്ങളിൽ നിന്നും ഒരു മോചനം ആഗ്രഹിക്കുന്നവർ അതു കണ്ടെത്തും.

ഇപ്പോൾ നമ്മുടെ ശരീരത്തിനും മനസിനും ഉണർന്നു പ്രവർത്തിപ്പാൻ കഴിവുള്ളവർ തങ്ങളുടെ ആത്മാക്കൾക്കു വേണ്ടി കരുതണം. ദൈവ വചനത്തിലുള്ള പ്രബോധനം കേട്ടുകൊൾക. "ആകയാൽ നിങ്ങളുടെ മനസു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചു കൊൾവിൻ (1പത്രൊസ് 1:13). ക്രിസ്തുവിൽ ആയി തീർന്നവരുടെ പൗരത്വം സ്വർഗ്ഗത്തിൽ ആകകൊണ്ട് അവരുടെ ആത്മാക്കൾക്കുള്ള നങ്കൂരമായിട്ടാണ് ഒരു പ്രത്യാശ നൽകിയിരിക്കുന്നത് (എബ്രായർ 11:16). സങ്കീർത്തനക്കാരന്റെ പ്രാർത്ഥന ശ്രദ്ധിക്കുക: നിന്റെ ആലോചനയാൽ നീ എന്നെ നടത്തും പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും. സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല എന്റെ മാംസവും ഹൃദയവും ക്ഷയിച്ചു പോകുന്നു. ദൈവം എന്നേക്കം എന്റെ പാറയും ഓഹരിയും ആകുന്നു (സങ്കീർത്തനങ്ങൾ 73:24-26). സ്വർഗ്ഗത്തിൽ ദുർജ്ജനത്തിന്റെ ഉപദ്രവം ഏൽക്കാതിരിക്കുന്നു. അവിടെ ക്ഷീണിച്ചു പോയവർ വിശ്രമിക്കുന്നു (ഇയ്യോബ് 3:17). തീർച്ചയായും നാം അവിടെ എത്തുവാൻ തീരുമാനമെടുക്കണം. പിൻ വരുന്ന മഹിമയും തുടർന്നു കിട്ടുന്ന ആനന്ദവും നഷ്ടപ്പെടുത്താൻ തുനിയരുത്.

സ്വർഗ്ഗം നഷ്ടപ്പെടുത്തുന്ന പല ഘടകങ്ങൾ ഉണ്ട്. ലൗകികമായ കാഴ്ച്ചപ്പാട് ഭൂരിഭാഗം പേരെയും അതിൽ നിന്നും അകറ്റുന്നു.

പർവ്വതം ഉടച്ച് നിരത്തുവാൻ മനുഷ്യർക്കു സമയമുണ്ട്. മാനുഷ്യ പുസ്തകങ്ങളെ വായിക്കാനും അതിലെ അറിവു നേടുവാനും ഗവേഷണം നടത്തുവാനും അവർക്കു സമയമുണ്ട്. അനേക സാഹസ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ധീരത കാണിക്കുന്നവരുമുണ്ട്. പക്ഷെ ദൈവീക പരിജ്ഞാനം സമ്പാദിക്കാൻ അവർക്കു സമയമില്ല. ആത്മാവ് എന്താണെന്നു പോലും അവർക്കു അറിഞ്ഞുകൂടാ. വരുവാനുള്ള ന്യായവിധി അവർ എങ്ങനെ നേരിടും? ഇപ്പോൾ അവർ ഉപയോഗിക്കുന്ന സമയം, ഉപയോഗിക്കാൻ പററാത്ത ഒരു സ്ഥിതി ഉണ്ടാകും എന്നു അവർ ചിന്തിക്കുന്നില്ല. നീതിയെ കുറിച്ചും ന്യായത്തെ കുറിച്ചും ധീരമായി സംസാരിക്കുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിന്റെ ന്യായവും നീതിയും അവർ ഉപേക്ഷിച്ചിരിക്കുന്നു. തിരുവെഴുത്തുകളിൽ മുന്നറിയിച്ചിരിക്കുന്ന വാക്കുകളെ അവർ ഗണ്യമാക്കുന്നില്ല. ഈ ലോകത്തിൽ നമുക്കു നേടുവാൻ പലതുണ്ട്. നഷ്ടപ്പെടുത്തുവാനും പലതുണ്ട്. ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? എന്തിനാണ് നാം മുൻതൂക്കം കൊടുത്തിരിക്കുന്നത്? ലൗകീകം തിരഞ്ഞെടുത്താൽ സ്വാർഗ്ഗീയമായതു നഷ്ടമാകും സ്വർഗ്ഗീയമായതു തിരഞ്ഞെടുക്കുമ്പോൾ ലൗകീകമായതു നഷ്ടമാകും.

നമ്മെത്തന്നെ തികവുള്ളവരും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ യോഗ്യതയുള്ളവരും ആകേണ്ടതിനു ദൈവം തന്റെ അരുളപ്പാടുകൾ തന്നിരിക്കുന്നു. അങ്ങനെ നമ്മുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കണം. മരിക്കുന്നതിനു മുൻപു തന്നെ അതിനു നാം തയ്യാറായില്ലെങ്കിൽ വിഷമിക്കേണ്ടിവരും (എബ്രായർ 12-ാം അദ്ധ്യായം). ആ ലക്ഷ്യം കൈവരിക്കണമെങ്കിൽ ദുഷ്ടത കൈവെടിയണം. ഓരോ ദിവസവും നീതിയിലെ അഭ്യാസത്തിൽ വളർന്നു ആത്മീയ പക്വത നേടിയെടുത്താൽ മാത്രമെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു. നിത്യവും ദൈവവുമായി കഴിയുവാനുള്ള അവസരമാണവിടെയുള്ളത് (2പത്രൊസ് 1:11). നമ്മുടെ ജീവിതാവസാനം എവിടെ എത്തിച്ചേരുമെന്നു നാം തെളിയിക്കുന്നു. സ്വാർത്ഥമായതും വിട്ടുവീഴ്ചയുള്ളതുമായ വഴി വിട്ടു കളഞ്ഞു ക്രിസ്തീയ വഴിയിലെ വെല്ലുവിളികളെ അതിജീവിക്കാൻ നമുക്കു ധൈര്യം വേണം. ഭീരുക്കൾ ഭയന്നു

പോകും. എന്തിനും കീഴപ്പെടും. എന്നാൽ സത്യത്തെ പിൻപറ്റുന്നതിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കാതിരിക്കാൻ നല്ല ധൈര്യം വേണം. നാശത്തിലേക്കു പോകുന്ന വഴി വീതിയുള്ളതാണ്. നിത്യജീവങ്കലേക്കു പോകുന്ന വഴി ഇടുക്കവും ഞെരുക്കവും ഉള്ളതാണ്.

കർത്താവിൽ വിശ്വസ്ഥ ജീവിതം നയിക്കുവാൻ, നീതിക്കു വേണ്ടി ഉപദ്രവം സഹിക്കുവാൻ നമുക്കു കഴിയണം. നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും, സഹിക്കുന്നു എങ്കിൽ കൂടെ വാഴും (2തിമൊഥെയോസ് 2:11). ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി വിശുദ്ധ ജീവിതം നയിച്ചാൽ ദൈവം പ്രതിഫലം തരാതിരിക്കയില്ല (1കൊരിന്ത്യർ 5:18). ഭീരുക്കളും അറെക്കപ്പെട്ടവരും കർത്താവിന്റെ സന്നിധിവിട്ടു അകന്നു നിത്യനാശത്തിനിരയായി തീരും (യോഹന്നാൻ 8:21-24). ആത്മാവിനെ നിത്യ നാശത്തിലേക്കു തള്ളി വിടുന്നവർ ജനിക്കാതിരുന്നെങ്കിൽ അവർക്കു എത്ര നന്നായിരുന്നു. (മർക്കൊസ് 14:21).

✶

# ഫലപ്രദമായ ബൈബിൾ പഠനത്തിനുള്ള അടിസ്ഥാന നിയമങ്ങൾ

**ഗൈ. എൻ വുഡ്സ്**

സത്യവേദ പുസ്തകം വായിക്കുന്നവർ ധാരാളമുണ്ട്. ഒരു ചടങ്ങിനു വേണ്ടി വായിക്കുന്നവരും മനസിലാക്കണമെന്ന ജിജ്ഞാസയോടെ വായിക്കുനനവരുമുണ്ട്. ഏതു പഠനത്തിനും ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ പഠനം വിജയിക്കുകയില്ല. വായനയും പഠനവും തമ്മിൽ നാം തരം തിരിച്ച് മനസിലാക്കിയാൽ വളരെ വ്യത്യാസം രണ്ടും തമ്മിൽ ഉണ്ടെന്നു കാണാം. വായന കൂടാതെ ശരിയായ പഠനം സാദ്ധ്യമല്ല എന്നതു വാസ്തവമാണ്. എന്നാൽ ഒരാൾക്ക് പഠിക്കാതെ വായിക്കാൻ കഴിയും എന്നതു പരമാർത്ഥം മാത്രം. വായിക്കുന്ന ഭാഗങ്ങളിൽ ശ്രദ്ധ കൊടുക്കാതെ തന്നെ വായിച്ചു എന്നു കാണിക്കാം. ഖേദകരമെന്നു പറയട്ടെ,

ഇത്തരം ആളുകളാണ് ഭൂരിഭാഗവും. പഴയ നിയമമായാലും പുതിയ നിനിയമമായാലും അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണെന്നു മനസിലാക്കാതെയിരുന്നാൽ ആ വായനകൊണ്ട് എന്തു പ്രയോജനം? പുതിയ നിയമമാകുന്ന ക്രിസ്തുവിന്റെ വചനങ്ങൾ ധ്യാനത്തോടെ വായിക്കയും ഗ്രഹിക്കയും ചെയ്താൽ എന്താണ് ഫലം ലഭിക്കുന്നത്? വായന അറിവിലേക്കും അത് ദൈവിക പരിജ്ഞാനത്തിലേക്കും നയിക്കണം. നമുക്ക് അജ്ഞാതമായിരിക്കുന്ന പല കാര്യങ്ങൾ ഉണ്ട്.

## നിഷ്പ്രയോജന വായന

അക്ഷരാഭ്യാസത്തിനു മുൻഗണന കൊടുത്തു വരുന്ന കാലമാണ് ഇത്. എല്ലാവരും എഴുതുവാനും വായിക്കുവാനും കഴിവുള്ളവർ ആകണം എന്ന ഉദ്ദേശമാണ് ഇതിന്റെ പിന്നിൽ ഉള്ളത്. അത് ദൈവിക സത്യങ്ങൾ ആളുകൾ വായിച്ചറിയുവാൻ സഹായകരമാണ്. പക്ഷെ പാരമ്പര്യമായി വേദപുസ്തകം വായിക്കുന്ന ശീലമുള്ളവർ സാധാരണ ഒരു ദിനചര്യപോലെ ചെയ്തു വരുന്നു. പരമ്പരാഗതമായി കിട്ടിയ ആചാരമെന്നവണ്ണം വായനയെ കാണുന്നവർ അതിന്റെ ഉദ്ദേശത്തെ മാറ്റുകയാണ്. കണ്ണുകൾ അക്ഷരത്തിൽ നിലനിർത്തി വായ്കൊണ്ട് അക്ഷരങ്ങൾ ഉരുവിടുന്നതു പ്രയോജനപ്പെടുകയില്ല. വായിച്ചു കഴിഞ്ഞ ഭാഗത്തെക്കുറിച്ച് അവരോട് ചോദിച്ചാൽ അവർക്കൊന്നും പറയാൻ പറ്റുകയില്ല. മനസിരുത്തി വായിച്ചാലേ ഹൃദയത്തിൽ പതിയുകയുള്ളു. അല്ലെങ്കിൽ വെറുതെ സമയം കളഞ്ഞിട്ടു ഫലമില്ല. ചിലർ കുട്ടികളെ ഭയപ്പെടുത്തി വായിക്കാതെ കിടന്നാൽ ദുഃസ്വപ്നം കാണും എന്നു പറയും. അപ്പോൾ അവരുടെ വായന സ്വപ്നങ്ങളെ തടയുന്നതിനാണ്. ഇങ്ങനെയുള്ള തെറ്റായ ധാരണകൾ ബൈബിൾ വായനയെ സംബന്ധിച്ച് വെച്ചു പുലർത്തുന്നുണ്ട്.

നിങ്ങൾ വേദ പുസ്തക വായനയെ എങ്ങനെ മനസിലാക്കിയിരിക്കുന്നു? നിങ്ങൾ വായിക്കുന്നതു ഗ്രഹിക്കാറുണ്ടോ? അല്ലെങ്കിൽ ഒരു ഉദ്ദേശം മനസിൽ കരുതി വായിക്കാറുണ്ടോ? ആത്മീക വർദ്ധനവിനു ഉതകത്തക്ക വായനയാണ് നിങ്ങൾ തുടരേണ്ടത്? അങ്ങനെയായാൽ നിങ്ങളുടെ വായന ഉപകാരപ്രദമാകും. നിഷ്പ്രയോജനകരമായ യാതൊന്നിനും നിങ്ങൾ സമയം ചെലവിടരുത്.

ചിലർ വായിക്കുന്നതു മനസിലാക്കാൻ വേണ്ടിയാണ്. അതിൽ

പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ വ്യക്തമായി അവർ വെളിപ്പെടുത്തും. പക്ഷെ കുറെ നാൾ കഴിഞ്ഞ് അവരോട് ആ വേദഭാഗത്തെക്കുറിച്ച് ചോദിച്ചാൽ അവർക്കു ഓർമ്മിക്കാൻ കഴിയാതെ വരുന്നു. അവർക്കു മറവിയാണ് പ്രശ്നം. അപ്പോൾ അവർ വായിച്ചതും ഗ്രഹിച്ചതും വെറുതെയായി പോകുന്നു. അവർക്കു തങ്ങൾ മനസിലാക്കിയ കാര്യങ്ങൾ പ്രായോഗികമാക്കുന്നില്ല എന്നതാണ് പ്രശ്നം, അവർ മനസിലാക്കിയ സത്യം അനുസരിക്കയും അത് മറ്റുള്ളവരോട് അറിയിച്ചു കൊണ്ടിരിക്കയും വേണം. അല്ലെങ്കിൽ മറന്നുപോകും. വായിച്ചതു കൊണ്ടോ മനസിലാക്കിയതു കൊണ്ടോ ഫലമില്ലാതാകുന്നു. നമ്മുടെ വായന പഠിത്തത്തിലേക്കു നയിക്കണമെന്ന ഉദ്ദേശം ഉള്ളിൽ ഉണ്ടാകണം.

മറ്റു ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ വേണം നാം സത്യ വേദപുസ്തകം കണക്കിലെടുക്കുവാൻ. മനുഷ്യർക്കു ദൈവം നൽകിയതാണിത്. ഉയർന്ന നിലവാരത്തിലെത്തുവാനാണ് ഇതൊരുക്കിയത്. ഈ പുസ്തകത്തിലെ പ്രതിപാദ്യങ്ങൾ എല്ലാം സത്യമാണ്. നമ്മുടെ ഭൗമീക ജീവിതത്തിൽ അന്വർത്ഥമാകത്തക്ക വണ്ണം ആണ് അതിന്റെ ഘടന. അതിനു ഒരിക്കലും മാറ്റം വരുത്തേണ്ട കാര്യമില്ല. ഭൂമിയും മനുഷ്യരും ഉള്ള കാലത്തോളം ഈ വചനം അത്യന്താപേക്ഷിതമാണ്. നാം പറയേണ്ടതും ചെയ്യേണ്ടതും വ്യക്തമാക്കിയിരിക്കുന്നു. ഇതിലെ നിയമങ്ങൾ നാം പാലിച്ചാൽ ജീവിതം ശരിയായി നയിക്കാം. അല്ലെങ്കിൽ പ്രതിസന്ധികൾ ഉടലെടുക്കാം. അപ്പോൾ തിരുവെഴുത്തുകൾ നാം വെറുതെ വായിച്ചു തള്ളുവാനുള്ളതല്ല. ശരിയായി അറിവു കിട്ടുവാൻ ബൈബിൾ വായന കൂടിയേ തീരു. അതൊരിക്കലും നാം മറക്കരുത്.

ബൈബിൾ വായന കൃത്യമായ ഒരു പരിശീലനം ആക്കുക. രണ്ടു വർഷത്തിൽ നമുക്ക് 104 ആഴ്ച്ചകൾ ഏകദേശം കിട്ടുമല്ലോ. പുതിയ നിയമ പുസ്തകങ്ങളിലെ പകുതിയോളം ഭാഗം അപ്പോസ്തലനായ പൗലൊസ് എഴുതിയതാണ്. ജാതികളുടെ അപ്പൊസ്തലൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഒരു ദിവസം ചുരുങ്ങിയതു പതിനഞ്ചു മിനിറ്റ് നിങ്ങൾക്കു ഇതിനായി നീക്കിവെക്കാമോ? എങ്കിൽ ധ്യാനത്തോടും പ്രാർത്ഥനയോടും ശ്രദ്ധാപൂർവ്വം വായിക്കാൻ ആരംഭിക്കുക. വലിയ പാണ്ഡിത്യം ഇതിനു ആവശ്യമില്ല. ഒരാഴ്ചകൊണ്ടു

ഒരു അദ്ധ്യായം നിങ്ങൾക്കു പഠിക്കാൻ കഴിഞ്ഞാൽ 2വർഷം കൊണ്ട് പുതിയ നിയമത്തിലെ പകുതി ഭാഗവും പഠിച്ചു തീർക്കുവാൻ കഴിയും. പിന്നെയും 2വർഷം കൂടെ ഇങ്ങനെ ശരിയായി ഉപയോഗിച്ചാൽ നിങ്ങൾക്കു പുതിയ നിയമ പഠനം പൂർത്തിയാക്കാം. ഇനി കുറച്ചുകൂടെ കാലദൈർഘ്യം വേണമെന്നുള്ളവർ 5വർഷം എടുത്താലും കുഴപ്പമില്ല. പുതിയ നിയമത്തിലെ വാക്യങ്ങൾ മുഴുവനും സുപരിചിതമാക്കാം. ഇതിനെല്ലാം താല്പര്യമുള്ള ഒരു മനസുണ്ടായിരിക്കണം. എങ്കിലേ നടപ്പിൽ വരുത്താൻ പറ്റു.

### ഫലപ്രദമായ വായന

പലരിലും വയനയുടെ പൂർണ്ണഫലം കിട്ടാതിരിക്കുന്നതിന്റെ കാരണം മനസിലാക്കിയാൽ അതു ഫലപ്രദമാക്കാൻ എളുപ്പമാണ്. ആദ്യമായി വായിക്കുന്ന വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന മുഖ്യ വിഷയം എന്തെന്നു മനസിലാക്കുക. ആ ഭാഗത്തിന്റെ മുൻപു പറഞ്ഞിട്ടുള്ളതും പരിശോധിക്കണം. എങ്കിൽ മാത്രമേ സന്ദർഭം എന്താണെന്ന് മനസിലാകയുള്ളു പിന്നീട് ആരാണ് അവിടെ പറയുന്ന വ്യക്തി എന്നു നോക്കണം. ദൈവമാണോ അല്ലെങ്കിൽ പിശാചാണോ അതോ മനുഷ്യർ പറഞ്ഞിരിക്കുന്നതാണോ എന്നു തിരിച്ചറിയണം. അടുത്തതായി ആരോടാണ് പ്രസ്താവിച്ചിരിക്കുന്നതു എന്നതു പ്രാധാന്യമുള്ള കാര്യമാണ്. എപ്പോൾ പറഞ്ഞ കാര്യമാണ് എന്നതും പ്രസക്തമത്രേ. തുടർന്നു പ്രായോഗികമായി അത് നമ്മെ ബാധിക്കുന്നതാണോ എന്നു കണക്കിലെടുക്കണം.

✶

## ജലത്താലുള്ള രക്ഷ

### ബോബി ഡങ്കൻ

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം എന്ന ചോദ്യത്തിനുത്തരം സുവിശേഷ പ്രാസംഗികൻ തിരുവെഴുത്തിൽ നിന്നു നൽകിക്കൊണ്ടിരിക്കയാണ്. അനേക വർഷങ്ങളായി വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ? വെള്ളത്തിലാണോ രക്ഷ എന്നെല്ലാം പറഞ്ഞ്

പരിഹസിക്കുന്ന നാമധേയ വിഭാഗക്കാരുണ്ട്. ബൈബിളിൽ ദൈവം കല്പിച്ചിരിക്കുന്നതും വിശ്വാസമുള്ള മനുഷ്യർ അനുസരിച്ചതുമായ സത്യം തുറന്നു പറയുന്നു എന്നതാണ് കാരണം. അവർ ആരും സത്യം മനസിലാക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാത്തവരാണ്. രക്ഷക്കു സ്നാനം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് എന്നതു പലർക്കും അംഗീകരിക്കാൻ വൈമനസ്യം കാണുന്നുണ്ട്. രക്ഷ നേടുവാനുള്ള ഒരു പ്രവൃത്തിയായി സ്നാനത്തെ ആളുകൾ കുറ്റപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കൊണ്ടു നേടിയെടുക്കാവുന്ന ഒന്നല്ല രക്ഷ. സ്നാനം കൊണ്ടു രക്ഷ സമ്പാദിക്കാമെന്നു ക്രിസ്തുവിന്റെ സഭയിലെ ആരും പ്രസംഗിച്ച് ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.

ദൈവത്തിന്റെ വാഗ്ദാനങ്ങളായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ചില നിബന്ധനകൾ കൂട്ടിച്ചേർത്തിരിക്കുന്നതു ശ്രദ്ധിച്ച് വായിച്ചാൽ നമുക്കു ഗ്രഹിക്കാം. ഈ നിബന്ധനകൾ അനുസരിക്കാത്തവർക്കു അനുഗ്രഹവും ലഭ്യമല്ല. നയമാന്റെ കുഷ്ഠം മാറേണ്ടതിനു അവൻ യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങേണ്ടിയിരുന്നു (2 രാജാക്കന്മാർ 5:10). യിസ്രായേൽ മക്കളുടെ വീടുകളിലെ കട്ടിള പടികളിലും കുറുമ്പടികളിലും കുഞ്ഞാടിന്റെ രക്തം തളിച്ചില്ലായിരുന്നെങ്കിൽ മിസ്രയീമ്യരുടെ കടിഞ്ഞൂലുകൾ മരിച്ചപ്പോൾ യിസ്രായേൽ ജനത്തിനും അങ്ങനെ സംഭവിക്കുമായിരുന്നു (പുറപ്പാട് 12:12-15). യെരിഹോവിന്റെ മതിൽ വീഴേണ്ടതിനു യിസ്രായേൽ സൈന്യം ദിവസത്തിൽ ഒരു പ്രാവശ്യം വീതം ആറുദിവസം ചുറ്റി നടക്കേണ്ടിയിരുന്നു (യോശുവ 6:1-5). കുരുടനു കാഴ്ച ലഭിക്കേണ്ടതിനു അവൻ ശീലോഹോം കുളത്തിൽ പോയി കഴുകേണ്ടിയിരുന്നു (യോഹന്നാൻ 9:1-7). ഈ വിവരിച്ചതെല്ലാം അവർ നേടിയെടുത്തതാണ് എന്നു പറയാവുന്നതല്ല. പക്ഷെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ കിട്ടുവാൻ നിബന്ധനകൾ നാം പാലിക്കേണ്ടതുണ്ട്.

പാപികളെ രക്ഷിക്കുന്നത് ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണ്. പാപം ചെയ്ത പാപിയോട് ക്ഷമിക്കേണ്ടതിനു ദൈവം ചില ഉപാധികൾ വെച്ചിരിക്കുന്നു. യേശുക്രിസ്തു ലോക രക്ഷിതാവായി വന്നു. പാപങ്ങളെ മോചിച്ചുകൊടുക്കുവാനുള്ള അധികാരമുള്ള മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുത്തു. അവയാണ് മഹത്തായ

ആജ്ഞകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15 –16).

പാപി, സ്നാനത്താൽ പാപക്ഷമാപണം സമ്പാദിക്കയല്ല ചെയ്യുന്നത്. വെള്ളമല്ല, ആ വ്യക്തിയെ രക്ഷിക്കുന്നത്. ക്രിസ്തു, ക്രൂശിലെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാലത്രെ പാപങ്ങൾ ക്ഷമിച്ചു കൊടുക്കുന്നത്. എന്നാൽ അതേ ക്രിസ്തു തന്നെ ക്ഷമിക്കുന്നതിനായി ചില ഉപാധികൾ വെച്ചിരിക്കുന്നു. അതു നാം പ്രമാണിച്ചാലേ, അനുഗ്രഹം പ്രാപിക്കയുള്ളു. ഈ രീതിയിൽ പാപത്തിൽ നിന്നു മോചനം ലഭിച്ചിരിക്കുന്ന എല്ലാവരും കൃപയാൽ വിശ്വാസം മൂലമത്രെ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 2:8, 9).

സ്നാനം എന്നതു ഒരു രക്ഷാ യോഗ്യതയായി പഠിപ്പിക്കുന്നവരിൽ എന്റെ സഹോദരന്മാരിൽ ചിലരും ഉണ്ടെന്നു തുറന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അവർ പറയുന്നത്. സ്നാനം എന്നതു പാപക്ഷമാപണത്തിനുള്ള നിബന്ധനയാണ്, ഉദ്ദേശം പാപമോചനവുമാണ് (പ്രവൃത്തി. 2:38). രക്ഷിക്കപ്പെട്ട ശേഷം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയാണ് സ്നാനം ഏൽക്കുന്നതെന്ന് കരുതിയിരിക്കയാണ് അവർ. ഇതു ദൈവ പദ്ധതിയെ മാറ്റി മറിക്കുന്ന രീതിയാണ്. ദൈവ പദ്ധതിയെ മാറ്റി ദൈവത്തെ പ്രസാദിപ്പിക്കാൻ പറ്റുമോ?

സ്നാനം എന്നതു ഒരു യോഗ്യതാ പ്രവൃത്തിയാണെങ്കിൽ വെള്ളത്തിൽ മുക്കിയാൽ രക്ഷ കിട്ടും എന്നു പറയാം. ഒരാൾക്കും രക്ഷ യാദൃശ്ചികമായി കിട്ടുന്നില്ല. രക്ഷ നടക്കുന്നത് ദൈവ മനസിലും അതിന്റെ ഫലം അനുഭവിക്കുന്നത് ലഭിക്കുന്ന വ്യക്തിയിലുമാണ്. ദൈവത്തിലുള്ള ആശ്രയം കൂടാതെയോ ദൈവ കൃപ കൂടാതെയോ ലഭിക്കുന്ന ഒന്നല്ല രക്ഷ. വ്യത്യസ്തമായ കാരണത്തിനുവേണ്ടി സ്നാനം എറ്റ ഒരാൾ ദൈവത്താലുള്ള നീതീകരണം പ്രതീക്ഷിക്കേ

(ശേഷം പേജ് 29 നോക്കുക).

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

ണ്ട. നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം തീരുമാനങ്ങൾ എടുക്കുന്നത്

ദൈവ കല്പനകളെ നമുക്ക് രണ്ടായി തരംതിരിക്കാം. 1 ധാർമ്മികങ്ങളായത്, 2 സ്വേച്ഛാപരം. ധാർമ്മികത്തിനുദാഹരണമായി കുല ചെയ്യരുത്, മോഷ്ടിക്കരുത്, അപ്പനെയും അമ്മയേയും ബഹുമാനിക്ക തുടങ്ങിയവയാണ്. ധാർമ്മികത സമൂഹത്തിൽ സമാധാനപൂർവ്വമായ ജീവിതത്തിനു സഹായകരമാണ്. മറ്റുള്ളവർക്ക് ദ്രോഹം ഉണ്ടാകുന്ന പ്രവൃത്തികളിൽനിന്ന് എല്ലാവരും വിട്ടു നിൽക്കണം. ദൈവത്തിന്റെ സൃഷ്ടികളായ മക്കളെല്ലാവരും തുല്യ പ്രാധാന്യമുള്ളവരാണ്. അവർക്ക് എല്ലാവർക്കും നീതി തുല്യമായി ലഭിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. കാരണം ദൈവം നിതിമാനാണ്. അവന്റെ പ്രവൃത്തികളെല്ലാം നീതിയുള്ളതാണ്. മറ്റുള്ളവരെ കുറിച്ച് കരുതലില്ലാതെ സ്വാർത്ഥത ഇന്നു മനുഷ്യരെ പിടികൂടിയിരിക്കുകയാണ്. ധർമ്മ വിരുദ്ധമായി ജീവിക്കുന്ന മനഷ്യരുടെ ജീവിതശൈലി അപരനു ഒരിക്കലും ഗുണം ലഭിക്കുന്നതായിരിക്കുകയില്ല.

ദൈവകൽപനകൾ മനുഷ്യരുടെ ശരീരത്തിനും മനസിനും ആത്മാവിനും ഒരുപോലെ പ്രയോജനം ലഭിക്കുന്നതാണ്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ സ്വന്തം ഇഷ്ടത്തെ മാനിക്കുന്നവരാണ്. സ്വന്തം ഇഷ്ടം ഒരാളെ ഭരിക്കുവാൻ തുടങ്ങിയാൽ അയാൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയാതെ വരും. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം ഉലയുവാൻ കാരണം അവർ അധാർമ്മികമായി ജീവിക്കുന്നതുകൊണ്ടാണ്. നല്ലതിനു വേണ്ടിയുള്ള മാറ്റം വരുത്തുവാൻ ഓരോരുത്തരും ശ്രമിക്കണം. ദൈവത്തിന്റെ സ്വഭാവവും തത്വങ്ങളും വ്യക്തമാക്കുന്നതാണ് അവന്റെ കൽപനകളെല്ലാം. നിലനിൽക്കുന്ന അനുഗ്രഹങ്ങൾ ലഭിക്കുവാൻ ദൈവകൽപന അനുസരിക്കുന്നതിനു പകരമായി മറ്റെന്തു ചെയ്താലും സാധിക്കുകയില്ല. ഏതൊരു വ്യക്തിക്കും തന്റെ ജീവിതം ക്രമപ്പെടുത്തുവാൻ വേണ്ടതു ദൈവത്തെ വിശ്വാസപൂർവ്വം അനുസരിക്കുകയാണ്. ദൈവത്തിന്റെ പ്രവൃത്തികളെ തിരിച്ചറിയാത്തവരും തെറ്റിദ്ധരിക്കപ്പെട്ടവരുമാണ് ദൈവത്തെയും അവന്റെ നിയമങ്ങളെയും തള്ളിക്കളയുന്നത്.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!